# കേരള കാർഷിക സർവ്വകലാശാല

ഇൻസ്ട്രക്ഷണൽ ഫാം,
വെള്ളായണി,തീയതി 03/10/2022

നമ്പർ എഫ് 3/903/2021 (ii)

പ്രേഷിതൻ

പ്രൊഫസർ ആന്റ് ഹെഡ്

സ്വീകർത്താവ്

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്
കേരള കാർഷിക സർവ്വകലാശാല
വെള്ളാനിക്കര

സർ,

വിഷയം: ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി — ശ്രീ ഷിബു കുമാർ എച്ച് സ്ഥിരം തൊഴിലാളിക്ക് —എതിരായ അച്ചടക്കനടപടി-സംബന്ധിച്ച്.

ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണിയിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.ഷിബുകുമാർ എച്ച് നെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നോട്ടീസ് കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പ്രൊഫസർ ആന്റ് ഹെഡ്

# കേരള കാർഷിക സർവ്വകലാശാല

ഇൻസ്ട്രക്ഷണൽ ഫാം,

നമ്പർ എഫ് 3/903/2021(i) വെള്ളായണി, തീയതി 05/08/2022

## 1960 ലെ കേരള സിവിൽ സർവ്വീസ് റൂൾസ് (സിസി/എ) റൂൾ 15, സബ് റൂൾ 12 (b) പ്രകാരമുള്ള നോട്ടീസ്

ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണിയിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.ഷിബുകുമാർ എച്ച് എന്ന താങ്കൾ 25/11/2021 മുതൽ ജോലിക്ക് ഹാജരാകാതിരിക്കുകയും 28/12/2021 ന് അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഇല്ലാതെ 27/12/2021 മുതൽ 26/01/2022 വരെ അവധി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ഓഫീസിലേക്ക് കത്ത് നൽകുകയും ചെയ്തിരുന്നു . ആയതിൻപ്രകാരം 25/11/2021 മുതൽ അവധി നൽകുന്നതിനായി അവധി അപേക്ഷയും രോഗവിവരം കാണിച്ചുകൊണ്ടുള്ള മെഡിക്കൽസർട്ടിഫിക്കറ്റും ഈ ഓഫീസിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട്, 18/01/2022 ലെ ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് താങ്കൾ സമർപ്പിച്ച ലീവ് അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം 24/01/2022 ന് അവധി അവസാനിച്ചിട്ടും 25/01/2022 ന് ജോലിക്ക് പുനഃപ്രവേശിച്ചിട്ടില്ല. കൂടാതെ 25/01/2022 മുതൽ അനുമതി ഇല്ലാതെ ജോലിക്ക് നാളിതുവരെ ഹാജരാകാതിരിക്കുകയാണ്

അനുമതി ഇല്ലാതെ ഓഫീസിൽ ഹാജരാകാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി 14/02/2022 ന് കാരണം കാണിക്കൽ നോട്ടീസ് നൽകി, എന്നാൽ നാളിതുവരെ മറുപടി നൽകുകയോ ഹാജരാകുകയോ ചെയ്തിട്ടില്ല.

08/07/2022 തീയതിയിലെ ഇതേ നമ്പർ കുറിപ്പ് പ്രകാരം 30/07/2022 തീയതിയിലെ അന്വേഷണ കമ്മിറ്റിക്കു മുൻപാകെ ഹാജരാകുവാൻ ആവിശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ താങ്കൾ കമ്മിറ്റിക്ക് മുൻപാകെ ഹാജരാകുകയോ ഹാജരാകാതിരുന്നതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്തില്ല.

30/07/2022 ന് ചേർന്ന അന്വേഷണ കമ്മിറ്റി താങ്കൾക്ക്, സേവനത്തിൽ നിന്നും വിടുതൽ ചെയ്യാതിരിക്കാൻ തക്കതായ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാനായി 31/08/2022 വരെ സമയം അനുവദിച്ചുകൊണ്ട് 1960 ലെ കേരള സിവിൽ സർവ്വീസ് റൂൾസ് (സിസി/എ) പ്രകാരം സേവനത്തിൽ നിന്നും വിടുതൽ ചെയ്യാൻ തീരുമാനിച്ചു.

കത്ത് മുഖേനയോ ഫോൺ മഖേനയോ താങ്കളെ ബന്ധപെടാൻ കഴിയാത്ത സാഹചര്യത്തിൽ, താങ്കളെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യാതിരിക്കാൻ തക്കതായ കാരണം ഉണ്ടെങ്കിൽ ഈ നോട്ടീസ് കൈപറ്റി30 ദിവസത്തിനകം ഈ ഓഫീസിൽ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്. ഹാജരാകുകയോ ഹാജരാകാതിരുന്നതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്യാത്ത പക്ഷം താങ്കൾക്ക് വിശദീകരണം ഒന്നും നൽകാനില്ല എന്ന് കണക്കാക്കി താങ്കളെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളുമയി മുന്നോട്ട് പോകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്

പ്രൊഫസർ ആന്റ് ഹെഡ്

സ്വീകർത്താവ് : ശ്രീ. ഷിബു കുമാർ.എച്ച്, സ്ഥിരം തൊഴിലാളി
പത്മ വിലാസം, പിച്ചോട്ട് കോണം
വെങ്ങാനൂർ.പി.ഒ

സെക്ഷൻ ഓഫീസർ